13-ാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.538

(10.06.2014 -ൽ മറുപടി നൽകേണ്ടത് )

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

| നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ട്രഷറി കെട്ടിട നിർമ്മാണ ആവശ്യത്തിലേയ്ക്കായി സ്വന്തമായി ഭൂമി ലഭ്യമായിട്ടുള്ള എത്ര ട്രഷറികളാണ് കൊല്ലം ജില്ലയിലുള്ളത്? പ്രസ്തുത ട്രഷറികളുടെ പേരുകൾ വ്യക്തമാക്കുമോ? | മൂന്ന് ട്രഷറികൾ.<br>ചാത്തന്നൂർ സബ് - ട്രഷറി, കൊല്ലം പെൻഷൻ പേയ്മെന്റ് സബ് - ട്രഷറി, കൊല്ലം സബ് - ട്രഷറി എന്നിവയ്ക്കാണ് സ്വന്തമായി ഭൂമി ലഭ്യമായിട്ടുള്ളത്. |
| (ബി) | ചാത്തന്നൂർ സബ് - ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്ക് ഭൂമി ലഭ്യമാക്കിയിട്ട് നാളിതുവരെ കെട്ടിട നിർമ്മാണം ആരംഭിക്കാത്ത കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സ്വന്തമായുള്ള ഭൂമിയിൽ ചാത്തന്നൂർ സബ് - ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്ക് തടസ്സങ്ങൾ നിലവിലുണ്ടോ? എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ? | തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചാത്തന്നൂർ സബ് - ട്രഷറി ഉൾപ്പെടെ സ്വന്തമായി കെട്ടിടമില്ലാത്ത 22 ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് പൊതുമരാമത്തു വകുപ്പിനെ ഏല്പിക്കുന്നതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ട്രഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | എത്രയും പെട്ടെന്ന് ചാത്തന്നൂരിൽ സബ് - ട്രഷറി കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ